# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6753** **04-04-2018 ൽ മറുപടിക്ക്**

## പട്ടയം നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര, പൊന്തൻപുഴ എന്നീ പ്രദേശങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശത്ത് നൂറുവർഷത്തിലധികമായി ആളുകൾ താമസിച്ചുവരുന്നതും തലമുറകളായി കൈവശം വച്ച് വരുന്നതുമായ സ്ഥലങ്ങൾക്ക് പട്ടയം നൽകുവാൻ തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണ്; ആയത് പരിഹരിക്കുവാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ; അറിയിക്കാമോ ; | (ബി) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര വനപ്രദേശത്തെ 103.61.90 ഹെക്ടർ വനഭൂമിയിൽ കൈവശം വച്ച് കൊണ്ടിരിക്കുന്ന 95.32.15 ഹെക്ടർ വനഭൂമിയുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ എം.എസ്.എ 1/81 നമ്പരായി ടി സ്ഥലങ്ങൾ ഉൾപ്പെടെ വനഭൂമിയുടെ അവകാശം സംബന്ധിച്ച് സർക്കാരിന് എതിരായി വിധിച്ചിട്ടുള്ളതിനാൽ ആയതിന്റെ അപ്പീൽ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. |
| (സി) പത്തനംതിട്ട ജില്ലയിൽ പെരുമ്പട്ടി വില്ലേജിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങൾ 1977-ന് മുമ്പ് കൈവശം വച്ച് ഉപയോഗിച്ച് വരുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സമെന്താണെന്നും ഇല്ലെങ്കിൽ എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്നും വിശദമാക്കാമോ? | (സി) 1977 ന് മുൻപ് കൈവശം വെച്ച് വരുന്ന എല്ലാവർക്കും റവന്യൂ-വനം വകുപ്പ് അധികൃതർ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2005-ൽ കൈവശരേഖ നൽകിയിട്ടുള്ളതാണ്. വനഭൂമി പതിച്ച് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ